**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2758

21 /06/2012 - ൽ
മറുപടിക്ക്

**<u>മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തിയ കുറവ്</u>**

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ :

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്.**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 2011 മെയ്മാസം വരെ വിതരണം നടത്തി വരുന്ന അളവിൽ വിതരണം ചെയ്യാനായി നിലവിലെ കാർഡുകളുടെ എണ്ണമനുസരിച്ച് 268520 കി.ലി. മണ്ണെണ്ണ ഒരു വർഷത്തേക്ക് ആവശ്യമായി വരുന്നുണ്ട്. |
| ബി. നടപ്പു സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള മണ്ണെണ്ണ വിഹിതം എത്ര കിലോ ലിറ്റർ വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ? | ബി) 2012 മാർച്ചു മാസം വരെ പ്രതിമാസം 15960 കി.ലി മണ്ണെണ്ണയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ 2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ത്രൈമാസത്തിലേയ്ക്ക് 30048 കി.ലി. മണ്ണെണ്ണ അനുവദിച്ചു. അതായത് പ്രതിമാസ അലോട്ട്മെന്റ് 10016 കി.ലിറ്ററായി വെട്ടിക്കുറച്ചു. (പ്രതിമാസം 5944 കി.ലി. മണ്ണെണ്ണ വെട്ടിക്കുറച്ചു) എന്നാൽ, കേരള സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെത്തുടർന്ന് 2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ത്രൈമാസത്തിലേയ്ക്ക് 5004 കി.ലിറ്റർ മണ്ണെണ്ണ കൂടി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ